**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5073** **20-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വീരമലക്കുന്നിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസം സ്പോട്ടായ വീരമലക്കുന്നിന്റെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി കൈമാറാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | വീരമലക്കുന്ന് ടൂറിസം പദ്ധതിക്കായി ചെറുവത്തൂർ വില്ലേജിലെ റീസർവ്വേ നം. 70/1 ൽ പ്പെട്ട3.6899 ഹെക്ടർ റവന്യൂ ഭൂമി ടൂറിസം വകുപ്പിന് വിട്ടു നൽകുന്നതിനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയും ആയതിന്മേൽ മഴവില്ല് ടൂറിസം പദ്ധതിക്കായി കൈമാറാൻ ഉദ്ദേശിക്കുന്ന മേൽപ്പറഞ്ഞ ഭൂമിയോടൊപ്പം ടി പദ്ധതിക്ക് അധികമായി ആവശ്യമായി വരുന്നതും വനം വകുപ്പിന്റെ അധീനതയിലുള്ളതും സോഷ്യൽ ഫോറസ്ട്രിക്കായി പ്രസ്തുത വകുപ്പിന് കൈമാറിയതുമായ RS No 70/3 ൽ പ്പെട്ട 0.9641 ഹെക്ടർ ഭൂമി സർവ്വേ ചാർജ്ജ് മാത്രം ഈടാക്കി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ടൂറിസം വകുപ്പിന് കൈമാറുന്ന വിഷയത്തിൽ വനം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കാസർഗോഡ് വികസന പാക്കേജിൽ ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുള്ളതിനാൽ ഈ പദ്ധതിക്ക് എപ്പോൾ ഭൂമി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | വീരമലക്കുന്ന് ടൂറിസം പദ്ധതിക്കായി ചെറുവത്തൂർ വില്ലേജിലെ റീസർവ്വേ നം. 70/1 ൽ പ്പെട്ട3.6899 ഹെക്ടർ റവന്യൂ ഭൂമി ടൂറിസം വകുപ്പിന് വിട്ടു നൽകുന്നതിനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയും ആയതിന്മേൽ മഴവില്ല് ടൂറിസം പദ്ധതിക്കായി കൈമാറാൻ ഉദ്ദേശിക്കുന്ന മേൽപ്പറഞ്ഞ ഭൂമിയോടൊപ്പം ടി പദ്ധതിക്ക് അധികമായി ആവശ്യമായി വരുന്നതും വനം വകുപ്പിന്റെ അധീനതയിലുള്ളതും സോഷ്യൽ ഫോറസ്ട്രിക്കായി പ്രസ്തുത വകുപ്പിന് കൈമാറിയതുമായ RS No 70/3 ൽ പ്പെട്ട 0.9641 ഹെക്ടർ ഭൂമി സർവ്വേ ചാർജ്ജ് മാത്രം ഈടാക്കി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ടൂറിസം വകുപ്പിന് കൈമാറുന്ന വിഷയത്തിൽ വനം വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ